# മംഗളവാർത്തക്കാലം

## വചന വിചിന്തനം

### ഒന്നാം ഞായർ

ലൂക്കാ 1,5-25

> **"തകർന്ന ഹൃദയവുമായി കർത്താവിനെ സമീപിക്കുന്നവർക്ക് അവിടുന്ന് സമീപസ്ഥനാണ്!"**

സഖറിയ ഏലീശ്വാ ദമ്പതികൾ കാത്തിരിക്കുന്നവരായിരുന്നു, ഒരു കുഞ്ഞിനുവേണ്ടി. ദൈവവവും കാത്തിരിക്കുന്നവനാണ്, നല്ല ഫലം കായ്ക്കുന്ന വൃക്ഷത്തിന് വേണ്ടി.

ഇന്ന് തിരുസഭയിൽ മംഗളവാർത്തക്കാലം ആരംഭിക്കുന്നു. സുറിയാനി കത്തോലിക്കന്റെ ആണ്ടുവട്ടത്തെ വിവിധ കാലങ്ങളായി തിരിച്ചിരിക്കുന്നു. അതിലെ ആദ്യത്തെ കാലഘട്ടമാണ് മംഗളവാർത്തക്കാലം. പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ മംഗളകരമായ വാർത്തകളുടെ കാലഘട്ടമാണ് മംഗളവാർത്തക്കാലം. നാല് ഞായറാഴ്ചകളിലായി ചിട്ടപ്പെടുത്തിയിരിക്കുന്ന മംഗളവാർത്തക്കാലത്തിൽ ആദ്യ ഞായറാഴ്ച സ്നാപകയോഹന്നാന്റെ ജനനത്തെ കുറിച്ചുള്ള അറിയിപ്പും രണ്ടാമത്തെ ഞായറാഴ്ച കർത്താവിന്റെ ജനനത്തെ കുറിച്ചുള്ള അറിയിപ്പും മൂന്നാമത്തെ ഞായറാഴ്ച സ്നാപകയോഹന്നാന്റെ ജനനവും നാലാമത്തെ ഞായറാഴ്ച കർത്താവിന്റെ ജനനവും ആണ് തിരിസഭാതനയർ ഓർക്കുന്നതും വിചിന്തനം ചെയ്യുന്നതും.

"തകർന്ന ഹൃദയവുമായി കർത്താവിനെ സമീപിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാണ്" എന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് ദൈവം സഖറിയ ഏലീശ്വ ദമ്പതികൾക്ക് സ്നാപകയോഹന്നാനെ സമ്മാനിക്കുന്നത്. വചനഭാഗത്ത് നിന്ന് ചിലകാര്യങ്ങൾ വ്യക്തമാണ്. സഖറിയ വൃദ്ധനാണ്. ഏലീശ്വാ, സഖറിയായുടെ ഭാര്യ, പ്രായം കവിഞ്ഞവളുമാണ്. അവർക്ക് കുഞ്ഞുങ്ങളില്ല. സഖറിയ ഏലീശ്വാ ദമ്പതികൾ ദൈവത്തിൻെറ മുമ്പിൽ നീതിനിഷ്ഠരും കർത്താവിൻെറ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. തൻെറ ഗണത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന ക്രമമനുസരിച്ച് ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യാൻ സഖറിയായ്ക്ക് അവസരം ലഭിച്ചു. എങ്കിൽ, ഒന്നുറപ്പാണ്; "ജീവിത്തിൽ ഒരിക്കൽ മാത്രം ജെറുസലേം ദേവാലയത്തിൽ ബലിയർപ്പിക്കാൻ അവസരം ലഭിച്ച സഖറിയായ്ക്ക് കർത്താവിന്റെ മുമ്പിൽ ധൂപമർപ്പിക്കുമ്പോൾ ഒറ്റ പ്രർത്ഥനയെ ഉണ്ടാകു, കർത്താവ് കരുണ കാണിക്കണം. തങ്ങൾക്ക് എങ്ങനെയെങ്കിലും ഒരു കുഞ്ഞിനെ നൽകി സമൂഹത്തിന്റെ മദ്ധ്യേയുള്ള അപമാനം നീക്കി കളയണം." ഇവിടെയാണ് തകർന്ന ഹൃദയവുമായി കർത്താവിനെ സമീപിക്കുന്ന സഖറിയ ഏലീശ്വാ ദമ്പതികൾക്ക് കർത്താവ് സമീപസ്ഥനാകുന്നത്. ദൈവത്തിനൊന്നും അസാധ്യമല്ല!

ഷെജിൻ സ്മിത ദമ്പതികളുടെ അനുഭവം. ലോകം അവളോട് പറഞ്ഞത് നിനക്കൊരു അമ്മയാകാൻ കഴിയില്ല എന്നാണ്. അക്കാര്യം തുറന്നു പറഞ്ഞുകൊണ്ടാണ് അവൾ വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചതും. വിവാഹരാത്രിയിൽ ആ ദമ്പതികൾ പ്രാർത്ഥനാപൂർവം ബൈബിളെടുത്തു വായിച്ചപ്പോൾ ലഭിച്ചതാവട്ടെ, കടൽത്തീരത്തെ മണൽത്തരിപോലെ നിനക്ക് മക്കളുണ്ടാകുമെന്ന് ദൈവം അബ്രാഹത്തിന് നൽകിയ വാഗ്ദാനവും. ആ വചനത്തിൽ അവർ വിശ്വസിച്ചു. ഇന്ന് ആ ദമ്പതികൾക്ക് അഞ്ചു മക്കളുണ്ട്.

2003 മാർച്ച് ഒന്നിന് വിവാഹിതരായ ഷെജിനും സ്മിതയ്ക്കും ഏതൊരു കുടുംബജീവിതത്തിന്റെയും സ്വപ്നമായ കുഞ്ഞുങ്ങൾ എന്ന യാഥാർത്ഥ്യം മുമ്പിൽ

ഉണ്ടായിരുന്നില്ല. കാരണം, തൈറോയിഡ് 150 മൈക്രോ ഗ്രാം കഴിച്ചുകൊണ്ടിരുന്ന സ്മിതയ്ക്ക് കുട്ടികളുണ്ടാകാൻ സാധ്യതയില്ല എന്നാണ് മെഡിക്കൽ സയൻസ് പറഞ്ഞത്. ഇക്കാര്യം ഷെജിനോട് പറഞ്ഞുകൊണ്ടാണ് സ്മിത വിവാഹിതയായതും. പ്രാർത്ഥനയിലും ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിലും അധിഷ്ഠിതമായ ഉറച്ച തീരുമാനമാണ് ഇരിങ്ങാലക്കുട സ്വദേശിയും ജീസസ് യൂത്ത് സജീവപ്രവർത്തകനുമായ ഷെജിനെ ആലപ്പുഴക്കാരിയായ സ്മിതയെ വിവാഹം കഴിക്കുന്നതിലേക്ക് നയിച്ചത്.

വിവാഹരാത്രിയിൽ ഇരുവരും കൂടി പ്രാർത്ഥിച്ചു വചനമെടുത്തപ്പോൾ കിട്ടിയത് അബ്രാഹത്തോട് ദൈവം ചെയ്ത വാഗ്ദാനമാണ്, "നിന്റെ സന്തതികൾ കടൽത്തീരത്തെ മണൽത്തരികൾപോലെയായിരിക്കും." ഈ വചനം വരാനിരിക്കുന്ന അത്ഭുതത്തിന് കാരണമായി മാറുമെന്ന് ഇരുവരും ഹൃദയത്തിൽ വിശ്വസിച്ചു. ദൈവം എത്ര കുട്ടികളെ തന്നാലും സ്വീകരിക്കും എന്ന് അവർ ആ നിമിഷം തീരുമാനമെടുത്തു.

അസാധ്യകാര്യങ്ങളിൽ നമ്മുടെ ബലഹീനതയെ ശക്തിയാക്കി മാറ്റുന്ന കർത്താവ് അത്ഭുതം പ്രവർത്തിച്ചു. 2003 ഏപ്രിലിൽ സ്മിത ഗർഭിണിയായി. കുട്ടി മന്ദബുദ്ധിയാകാനും ചിലപ്പോൾ അബോർഷനാകാനും സാധ്യതയുണ്ട് എന്ന് പലരും പറഞ്ഞു. തൈറോയിഡ് 150 മൈക്രോഗ്രാം സ്മിത കഴിക്കുന്നതായിരുന്നു അതിനു കാരണം. പിന്നീട് പ്രാർത്ഥനയുടെ ദിവസങ്ങളായിരുന്നു. ആദ്യ കുട്ടിയായ ജെസിക്കാ മരിയ ഈ ലോകത്തിലേക്കു വന്നു, പൂർണ ആരോഗ്യവതിയായി. ആദ്യ കുഞ്ഞുണ്ടായി ആറുമാസങ്ങൾക്കുശേഷം സ്മിത രണ്ടാമതും ഗർഭിണിയായി. തെരേസയായിരുന്നു ആ കുഞ്ഞ്.

ഷെജിൻ സ്മിത ദമ്പതികൾക്ക് പിന്നീട് ജെസ്സെ, ജോഷ്വാ, ജൊവാന എന്നിങ്ങനെ മൂന്നു കുട്ടികൾകൂടി ജനിച്ചു.

ആദ്യപ്രസവത്തിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ച് ചേച്ചിയുമായി സംസാരിച്ചപ്പോൾ ചേച്ചി പറഞ്ഞു, "നീ കൊന്തചൊല്ലി പ്രാർത്ഥിക്ക്. മാതാവ് നിന്റെ പ്രസവവേദന കുറച്ചുതരും." അന്നുമുതൽ ശക്തമായി കൊന്ത ചൊല്ലുന്നതിനാരംഭിച്ചു. അത്ഭുതകരമെന്ന് പറയട്ടെ, രണ്ടാമത്തെ പ്രസവം സ്തിതയ്ക്ക് വലിയ അസ്വസ്ഥതകൾ നൽകിയില്ല. മൂന്നാമത്തെ പ്രസവകാലത്ത് ഒട്ടൊക്കെ പ്രാർത്ഥനയിൽ കുറവനുഭവപ്പെട്ടു. അതിനാൽ ബുദ്ധിമുട്ടുകളും വർധിച്ചു. സ്മിത പറഞ്ഞു. "കഷ്ടതകളുടെ കാലത്ത് ദൈവത്തെ വിളിച്ചപേക്ഷിക്കുകയും നല്ല കാലമാകുമ്പോൾ മറക്കുകയും ചെയ്യുന്ന മനുഷ്യസ്വഭാവം എന്നെയും പിടികൂടി." പിന്നീട്, പ്രാർത്ഥനയിൽ കൂടുതൽ ശ്രദ്ധ ചെലുത്തി. തുടർന്നുള്ള രണ്ടു പ്രസവങ്ങൾക്കും ബുദ്ധിമുട്ടുകൾ കുറവായിരുന്നു.

സഖറിയ എലീശ്വാ ദമ്പതികളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഒന്ന് മാത്രമാണ്; 'തകർന്ന ഹൃദയവുമായി കർത്താവിനെ സമീപിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാണ്." സഖറിയ എലീശ്വാ ദമ്പതികളുടെ ഒരു ജീവിതത്തിന്റെ മുഴുവൻ മുഴുവൻ പ്രാർത്ഥനയായിരുന്നു "ദൈവമേ, നീ ഞങ്ങളുടെ ജീവിതത്തിലേയ്ക്ക് ഒരു കുഞ്ഞിനെ സമ്മാനിക്കണമേ... സമൂഹത്തിൽ ഞങ്ങൾക്കുണ്ടായ അപമാനത്തെ നീ എടുത്ത് മാറ്റണമേ..." ബലിയർപ്പകനും ബലിയും തമ്മിലുള്ള അകലം കുറയുന്നത് ഗദ്ഗദങ്ങൾ നിറയുന്ന പ്രാർത്ഥനകളാണ്. എങ്കിൽ, ഒന്നുറപ്പാണ്; സഖറിയ ദൈവതിരുമുമ്പിൽ ധൂപം അർപ്പിച്ചപ്പോൾ അർപ്പിച്ചത് ധൂപമല്ല. മറിച്ച്, തന്റെ ഹൃദയരക്തമാണ്. ആ പ്രാർത്ഥനകൾക്കുമുമ്പിൽ ദൈവത്തിന് കണ്ണടയ്ക്കാൻ സാധിക്കില്ല.

ഇന്ന്, പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കന്നില്ലെങ്കിൽ അതിനുള്ള വലിയ കാരണം പ്രാർത്ഥകൾക്കൊപ്പം ഹൃദയരക്തം ചാലിച്ച് ചേർക്കാൻ നാം മറന്ന് പോകുന്നു എന്നത് തന്നെയാണ്. കാരണം, വചനം സാക്ഷ്യപ്പെടുത്തുന്നു; 'തകർന്ന ഹൃദയവുമായി കർത്താവിനെ സമീപിക്കുന്നവർക്ക് കർത്താവ്

"അവൻ വീഞ്ഞോ മറ്റു ലഹരിപാനീയങ്ങളോ അവൻ കുടിക്കുകയില്ല" (ലൂക്കാ 1,15). വലിയവനാകാൻ തിരഞ്ഞെടുത്തിട്ടുള്ളവന്റെ ജീവിത ചര്യകളിൽ ഏറ്റവും പ്രധാനപ്പെട്ടത്, ലഹരിപാനീയങ്ങൾ ഉപേക്ഷിക്കുക!

സമീപസ്ഥനാണ്" എന്ന്. പലപ്പോഴും നമ്മുടെ പ്രാർത്ഥനകളും ഭക്താനുഷ്ഠാനങ്ങളെല്ലാം കാട്ടികൂട്ടലുകളാണ്. ആർക്കാനോ വേണ്ടി ഓക്കാനിക്കുന്നതു പോലെ പ്രാർത്ഥനയുടെ സമയത്തെ നാം ചൊല്ലി തീർക്കുന്നു. അവിടെയൊക്കെ, സഖറിയ ഏലീശ്വാ ദമ്പതികൾക്ക് നമ്മോട് പറയാനുളളത് തകർന്ന ഹൃദയത്തോടെ ഹൃദയ രക്തം ചാലിച്ച പ്രാർത്ഥനകളോടെ കർത്താവിനെ സമീപിക്ക്. നിങ്ങളുടെ പ്രാർത്ഥനകൾ കർത്താവ് കേൾക്കും എന്നുള്ളതാണ്.

പ്രാർത്ഥനാപൂർവം സ്വീകരിക്കുന്ന സഖറിയ ഏലീസ്വാ ദമ്പതികളുടെ കുഞ്ഞിന്റെ പ്രത്യേകതകൾ ശ്രദ്ധിക്കുക.

"ദൂതൻ സഖറിയായോട് പറഞ്ഞു: നിൻെറ പ്രാർഥന കേട്ടിരിക്കുന്നു. നിൻെറ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും. അനേകർ അവൻെറ ജനനത്തിൽ ആഹ്ളാദിക്കുകയുംചെയ്യും. കർത്താവിൻെറ സന്നിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ മറ്റു ലഹരിപാനീയങ്ങളോ അവൻ കുടിക്കുകയില്ല. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും. ഇസ്രായേൽമക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരികെ കൊണ്ടുവരും. പിതാക്കൻമാരുടെ ഹൃദയങ്ങളെ മക്കളിലേക്കും അനുസരണമില്ലാത്തവരെ നീതിമാൻമാരുടെ വിവേകത്തിലേക്കും തിരിച്ചുവിടാനും സജ്ജീകൃത മായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ അവൻ കർത്താവിൻെറ മുമ്പേ പോകും" (ലൂക്കാ 1,13-17).

ഇന്ന് നമ്മുടെ ജീവിതങ്ങൾക്ക്, നമ്മുടെ മക്കളുടെ ജീവിതങ്ങൾക്ക് ഈ സ്വാദാവമില്ലെങ്കിൽ ഒരു തർക്കവും സംശയവും വേണ്ട, "നമ്മുടെ ജീവിതങ്ങളെ, നമ്മുടെ മക്കളെ നാം പ്രാർത്ഥനാപൂർവ്വമല്ല സ്വീകരിച്ചിരിക്കുന്നത്." കാരണം, പ്രാർത്ഥനാപൂർവ്വം സ്വീകരിക്കുന്ന മക്കൾ നല്ലതെ ചിന്തിക്കൂ... നല്ലതെ പറയൂ... നല്ലതെ പ്രവർത്തിക്കൂ...

*ദൈവം ഇടപെടുന്ന കുടുംബം, "ദൈവത്തിൻെറ മുമ്പിൽ നീതിനിഷ്ഠരും കർത്താവിൻെറ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു" (ലൂക്കാ 1,6). നിന്റെ കുടുംബത്തിൽ ദൈവം ഇടപെടുമോ?*

***"ദുഷ്ടരുടെ ഉപദേശം സ്വീകരിക്കുകയോ പാപികളുടെ വഴിയിൽ വ്യാപരിക്കുകയോ പരിഹാസകരുടെപീഠങ്ങളിലിരിക്കുകയോ ചെയ്യാത്തവൻ നീർച്ചാലിനരികേ നട്ടതും യഥാകാലം ഫലം തരുന്നതും ഇലകൊഴിയാത്തതുമായ വൃക്ഷംപോലെയാണ് അവൻ. അവൻെറ പ്രവൃത്തികൾ സഫലമാകുന്നു."***

(സങ്കീർത്തനം 1,1-3)

.....................................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931